III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

11) കുഞ്ചൻ നമ്പ്യാർ നിർവ്വഹിച്ച സാമൂഹിക വിമർശനത്തിന്റെ സ്വഭാവമെന്ത് ?

12) "ഭാഷാലാളിത്യവും രചനാസൗഷ്ഠവവുമാണ് കൃഷ്ണഗാഥയുടെ സവിശേഷതകൾ" – വിശദീകരിക്കുക.

13) 'ഉണ്ണുനീലി സന്ദേശ'ത്തെക്കുറിച്ച് കുറിപ്പെഴുതുക.

14) ആട്ടക്കഥകളുടെ കൂട്ടത്തിൽ നളചരിതത്തിനുള്ള പ്രാധാന്യമെന്ത് ?

15) ശാസനങ്ങൾ ഭാഷാചരിത്രത്തിലും സാഹിത്യചരിത്രത്തിലും പ്രസക്തമാകുന്നതെന്തുകൊണ്ട് ?

16) 'ചമ്പു' എന്നാലെന്ത് ? പ്രാചീനചമ്പുക്കളുടെ പ്രത്യേകതയെന്ത് ? (4×2=8)

IV. ഒറ്റ വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) മലയാളത്തിലുണ്ടായ ആദ്യ ചമ്പൂകാവ്യമാണ് ________

18) കൃഷ്ണഗാഥയുടെ ദുർബ്ബലാനുകരണമായി കരുതാവുന്ന മറ്റൊരു ഗാഥയേത് ?

19) അപ്പാടൻ വീട്ടിൽ രാമനെഴുത്തച്ഛൻ രചിച്ച സന്ദേശകാവ്യമേത് ?

20) പാട്ടിന്റെ ലക്ഷണമെഴുതുക.

21) ഭാരതമാലയുടെ കർത്താവാര് ?

22) 'ചന്ദ്രോൽസവ'ത്തിലെ നായികയുടെ പേരെന്ത് ?

23) ഉണ്ണുനീലി സന്ദേശത്തിന് നൽകിവരുന്ന മറ്റൊരു പേര് ?

24) 'രാമനാട്ടം' ആവിഷ്കരിച്ച രാജാവാര് ? (6×1=6)

---

**I Semester B.A. Degree (CCSS – Reg./Supple./Improve.)**
**Examination, November 2016**
**COMPLEMENTARY COURSE IN MALAYALAM**
**1C01 MAL : Malayala Sahithya Charithram (Part – I)**
**(2014 Admn. Onwards)**

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) ചീരാമകവിയുടെ രാമചരിതത്തിന് മലയാള സാഹിത്യ ചരിത്രത്തിലുള്ള സ്ഥാനം നിർണ്ണയിക്കുക.

2) ഭാഷാചമ്പുക്കളുടെ സ്വഭാവം വിശദീകരിച്ച് അവ മലയാളസാഹിത്യത്തിന്റെ വളർച്ചക്ക് എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് വിലയിരുത്തുക.

3) ''പ്രതിപാദന രീതിയോടു മാത്രമല്ല ആശയത്തിലും ശൈലികളിലും പോലും എഴുത്തച്ഛൻ നിരണം കവികളോടു കടപ്പെട്ടിരിക്കുന്നു'' – സമർത്ഥിക്കുക.

4) രാമചരിതം, കണ്ണശ്ശരാമായണം, കൃഷ്ണഗാഥ എന്നീ രചനകളിലൂടെ പാട്ടുസാഹിത്യത്തിനു വന്ന മാറ്റം ചർച്ച ചെയ്യുക. **(2×7=14)**

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

5) മണിപ്രവാളത്തിന്റെ ലക്ഷണമെഴുതി വിശദീകരിക്കുക.

6) കണ്ണശ്ശകൃതികളിലെ ഭാഷാപരമായ സവിശേഷതകൾ എഴുതുക.

7) ലീലാതിലകം ഒരു വ്യാകരണഗ്രന്ഥമെന്നതിനേക്കാൾ സൗന്ദര്യശാസ്ത്ര ഗ്രന്ഥമാണെന്ന് പറയാനുള്ള കാരണമെന്ത് ?

8) വൈശികതന്ത്രത്തിന് മലയാളസാഹിത്യചരിത്രത്തിലും സാമൂഹിക ചരിത്രത്തിലുമുള്ള പ്രാധാന്യമെന്ത് ?

9) ''മലയാള ഗദ്യത്തിന്റെ ശക്തിയും കാന്തിയും നിറഞ്ഞു ശോഭിക്കുന്ന പ്രാചീന കൃതിയാണ് ഭാഷാകൗടലീയം'' – വിശദീകരിക്കുക.

10) പൂന്താനത്തിന്റെ കൃതികളെ പരിചയപ്പെടുത്തുക. **(4×3=12)**

P.T.O.